സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, മാങ്കുളം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

**ആമുഖം**

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധനവ് ഉറപ്പുവരുത്തുന്നതിനായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വികസന പദ്ധതി നമ്മുടെ സംസ്ഥാനമൊട്ടാകെ നടപ്പിൽ വരുത്തുന്നു. മാങ്കുളം സെന്റ് മേരീസ് ഹയർ സെക്കൻററി സ്കൂളിൽ ഈ പദ്ധതി എങ്ങനെ നടപ്പിലാക്കുന്നു എന്ന് വിവരിക്കുന്നതാണ് ഈ രേഖ.

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ-സംഘടനാ പ്രവർത്തകർ, ജനപ്രതിനിധികൾ. വിവിധ-സർക്കാർ ഇതര ഏജൻസികൾ എന്നിവരുമായി വിവിധ ഘട്ടങ്ങളിൽ നടന്ന വിപുലമായ ആശയ വിനിമയ പ്രക്രിയയുടെ അടിസ്ഥാനത്തിലാണ് ഈ രേഖ ചിട്ടപ്പെടുത്തുന്നത്.

**ചരിത്രം**

* 1983 ജൂൺ 2-ാം തീയതി ഹൈറേ]ഞ്ചിലെ കുടിയേറ്റ മേഖലയായ മാങ്കുളത്ത് 8-ാം ക്ലാസോടെ ആരംഭിച്ചു. മാങ്കുളം സെന്റ് മേരീസ് ഹൈസ്കൂളിൽ 1984-85 വർഷങ്ങളിൽ യഥാക്രമം 9 ഉം 10 ഉം ക്ലാസുകൾ ആരംഭിച്ചു. 2014 ൽ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ടു.
* 50 കുട്ടികളുമായി പ്രവർത്തനമാരംഭിച്ച സെന്റ് മേരീസ് ഹൈ സ്കൂൾ ഇപ്പോൾ +1, +2 ഉൾപ്പെടെ നാനൂറിൽ അതികം കുട്ടികളുള്ള സെന്റ് മേരീസ് ഹയർ സെക്കന്ററി ഹൈസ്കൂളായി മാറിയിരിക്കുന്നു.
* ഹരിതാഭമായ ക്യാമ്പസ്, ആവശ്യത്തിന് ക്ലാസ് മുറികളും മറ്റ് സൗകര്യങ്ങളും, സയൻസ്, സാമൂഹിക ശാസ്ത്രം, കംപ്യൂട്ടർ, ഗണിത ലാബുകളും ലൈബ്രറിയും മികച്ച രീതിയിൽ ഒരുക്കിയിട്ടുണ്ട്. സ്ത്രീ സൗഹൃദ ശുചിമുറികൾ ക്രമീകരിച്ചിട്ടുണ്ട്.
* നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകാൻ ശ്രമിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ ചില മേഖലകളിൽ കുറെക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. 2024-2025, 2025-2026, 2026-2027 എന്നീ മൂന്ന് വിദ്യാഭ്യാസ വർഷം കൊണ്ട് എല്ലാത്തരത്തിലും ഗുണമേന്മയുള്ള വിദ്യാലയമായി സ്കൂളിനെ മാറ്റുന്നതിന് ആവശ്യമായ പ്രവർത്തന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

**ലക്ഷ്യങ്ങൾ**

എല്ലാ വിദ്യാർത്ഥികളുടേയും സമഗ്ര വ്യക്തിത്വ വികാസം ഉറപ്പുവരുത്താനുതകുന്ന വിധത്തിൽ അക്കാദമികവും ഭൗതികവും സാമൂഹികവുമായ ഗുണമേന്മാ വർദ്ധനവാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

അക്കാദമിക മേഖലയിൽ ഭാഷാ ശേഷി വികസനം, ഗണിതശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം, ശാസ്ത്ര സാമൂഹ്യശാസ്ത്ര പോഷണം എന്നിവക്ക്

ഊന്നൽ നൽകി അക്കാദമിക്ക് മേഖലയിലെ ഉപമേഖലകളുടെയും ശാക്തീകരണം ഈ രേഖ വിഭാവനം ചെയ്യുന്നു.
ഇതിനായി വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങളുടെയും സാമൂഹിക ഘടകങ്ങളുടെയും ഗുണമേന്മ വർദ്ധനവും, ശാക്തീകരണവും ഉറപ്പാക്കുന്നു.

**വിദ്യലയം മികവിന്റെ കേന്ദ്രം**

എല്ലാ ക്ലാസിലും പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഭാഷ ശാസ്ത്ര സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ നിർദിഷ്ട അറിവിലുപരിയായ അറിവ് ലഭ്യമാക്കുക. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ഒരുപോലെ സിദ്ധികളാർജ്ജിച്ച് ഈ വിദ്യാലയത്തിലെ കുട്ടികളുടെ വ്യക്തിത്വ വികാസം ഉറപ്പുവരുത്തുന്നു.

**പദ്ധതി രൂപീകരണ പ്രക്രീയ**

അദ്ധ്യാപക സ്റ്റാഫ് മീറ്റിംഗ്

രക്ഷിതാക്കളുടെ യോഗം

അദ്ധ്യാപകരുടേയും, രക്ഷിതാക്കളുടേയും സംയുക്ത യോഗം

വിദഗ്ധരുടെ പങ്കാളിത്തത്തോടെയുള്ള ആലോചന യോഗങ്ങൾ,

പ്രാദേശിക പി.ടി.എ.

## വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ആൺകുട്ടികളുടെ ശുചിമുറികൾ | ഉണ്ട് | |
| പെൺകുട്ടികളുടെ ശുചിമുറികൾ | ഉണ്ട് | |
| സുരക്ഷിതവും ആവശ്യനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | |
| പ്രധാന അധ്യാപക മുറി | ഉണ്ട് | |
| കളിസ്ഥലം | ഉണ്ട് | |
| അടുക്കള | ഉണ്ട് | |

## വിദ്യാലയത്തിലെ ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ സ്ഥിതി

| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ലാപ്പ്ടോപ്പ് | 27 | 10 |
| LCD projector | 10 | |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | ഉണ്ട് | |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| വിദ്യാലയത്തിന് സ്വന്തമായ വെബ്സൈറ്റ് | ഉണ്ട് | |
| ബ്ലോഗ് | ഉണ്ട് | |
| ഇമെയിൽ ഐഡി | ഉണ്ട് | |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലുള്ള അവസ്ഥ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| സബ്ജക്ട് കൗൺസിൽ | ഉണ്ട്, എല്ലാ മാസവും |
| എസ്. ആർ. ജി. | ഉണ്ട്, രണ്ട് ആഴ്ചകൂടുമ്പോൾ |
| അധ്യാപക രക്ഷാകർതൃ സമിതി | വർഷാരംഭത്തിലും, പാദവർഷത്തിലും |
| മാതൃസംഗമം | അർദ്ധപാദത്തിലും , പാദവർഷത്തിലും |
| സ്കൂൾ വികസന സമിതി | മാസം തോറും |
| ജാഗ്രതാ സമിതി | മാസം തോറും |
| ദുരന്തനിവാരണ സമിതി | വർഷാരംഭത്തിലും, പാദവർഷത്തിലും |
| ലൈബ്രറി | മാസം തോറും |
| ക്ലബ് പ്രവർത്തനങ്ങൾ | മാസം തോറും |
| ഗണിത ക്ലബ്ബ് | |
| English ക്ലബ്ബ് | |
| വിദ്യാരംഗം കലാസാഹിത്യ വേദി | |
| സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സയൻസ് ക്ലബ്ബ് | |
| IT Club | |
| Sports ക്ലബ്ബ് | |
| പ്രവൃത്തി പരിചയ ക്ലബ്ബ് | |
| ആരോഗ്യ ക്ലബ്ബ് | |
| കർഷക ക്ലബ്ബ് | |
| ലഹരി വിമുക്ത ക്ലബ്ബ് | |
| ലാബ് പ്രവർത്തനങ്ങൾ | ആഴ്ച തോറും |
| കമ്പ്യൂട്ടർ ലാബ് | |
| സയൻസ് ലാബ് | |
| സാമൂഹ്യശാസ്ത്ര ലാബ് | |
| ഗണിത ലാബ് | |
| ജൂനിയർ റെഡ് ക്രോസ് | മാസം തോറും |
| സ്കൗട്ട് & ഗൈഡ് | മാസം തോറും |
| ലിറ്റിൽ കൈറ്റ്സ് | ആഴ്ച തോറും |

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ**

ഭാഷ നന്നായി എഴുതാനും വായിക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവ്, ഗണിതത്തിലെ ചതുഷ്ക്രിയകൾ അനായാസമായി ചെയ്യാനുള്ള കഴിവ് എല്ലാ കുട്ടികൾക്കും ആർജ്ജിക്കാനുതകുന്ന സവിശേഷ പരിഗണ പരിപാടികൾ ആസൂത്രണം ചെയ്യുക.

ശാസ്ത്ര-സാമൂഹ്യ ശാസ്ത്രവിഷയങ്ങളിൽ സവിശേഷ അഭിരുചിയുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനായി മേളകള്, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുക പ്രതിഭാശാലികളായ കുട്ടികൾക്ക് വേണ്ടി ശിൽപശാലകൾ നടത്തുക.

# I. അക്കാദമിക മാസ്റ്റർ പ്ലാൻ - മാതൃഭാഷ

മേഖല : **അക്കാദമികം**

ഉപ മേഖല: **മലയാളം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA,<br>SSA, DIET, SCERT |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക,<br>വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | * വായനക്കൂട്ടം രൂപീകരണം<br>* ക്ലാസ് ലൈബ്രറി<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* വായനക്കുറിപ്പ് - പതിപ്പ്<br>* സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യ വേദി | SRG, SMC, PTA, |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്തുകൂട്ടം രൂപീകരണം<br>* എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* രചനാ ശിൽപശാല,<br>* കഥാക്യാമ്പ്, കവിതാ ക്യാമ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SMC, PTA,<br>Municipality<br>Rs: 5,000 |
| 4 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | * വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>* ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>* CD, വീഡിയോ പ്രദർശനം<br>* ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, SMC, PTA,<br>മുനിസിപ്പൽ കൗൺസിലർ |
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | * ക്ലാസ് ലൈബ്രറി രൂപീകരണം<br>* സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>* മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>* വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | ആറ് മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, SMC, PTA,<br>Municipality<br>Rs: 60,000 |

| | | | | | |
|---|---|---|---|---|---|
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ, ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | * നാടകക്കളരി<br>* പാഠഭാഗമുൾപ്പെടെയുള്ളവയുടെ നാടകീകരണം<br>* ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>* പൊതുവേദികളിലെ അവതരണം | ആറു മാസം, | ഭാഷാധ്യാപകർ, ആർട്സ്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | * രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>* പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത-ദിവസവും 5 മിനിറ്റ് | SITC, റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ് | SRG, SMC, PTA |
| 8 | ICT സാധ്യതകൾ ആശയവിനിമയത്തിന് | * പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലിപ്പുകൾ എന്നിവ ശേഖരിച്ചും നിർമിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | അവശ്യാനുസരണം | ഭാഷാധ്യാപകർ, SITC, JSITC, | SRG, KITE (IT@School) |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | * സെമിനാറുകൾ \ അഭിമുഖങ്ങൾ \ പാനൽ ചർച്ചകൾ\ സംവാദം മുതലായവ<br>* തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG, SMC, PTA |

മേഖല : **അക്കാദമികം/ ദിനാചരണങ്ങൾ**

ഉപ മേഖല: **സമഗ്ര വികസനം**

| | | | | | |
|---|---|---|---|---|---|
| 1 | വ്യക്തിത്വ വികസനം | * വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | SMC, PTA, Municipality Rs: 7,500 |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | * അക്കാദമികവർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു.<br>* സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | അവശ്യാനുസരണം | SRG | SMC, PTA, |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

മേഖല : **അക്കാദമികം**

ഉപ മേഖല: **ഹിന്ദി**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ദേശീയഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | * വായനയിലെ പരിമിതി മനസ്സിലാ... ള്ള ശ്രമം<br>* വായനയ്ക്കുള്ള കാർഡുകൾ<br>* അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ<br>* മാസത്തിലൊരിക്കൽ ഹിന്ദിയിൽ പ്രത്യേകം അസംബ്ലി. | 3 മാസം | ഭാഷാധ്യാപകർ, SSC, ലൈബ്രേറിയൻ | SMC, PTA, |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | * ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്<br>* വായനാകാർഡ് നിർമാണം<br>* ചുമർ പത്രിക ഒരുക്കൽ<br>* ഹിന്ദി കൈയെഴുത്ത് പതിപ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, | SRG |
| 3 | ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | * അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സമാജം<br>* ഉൽപന്നം, പോർട്ട്ഫോളിയോ പ്രദർശനത്തിന് ഹിന്ദി കോർണർ<br>* വെള്ളിയാഴ്ചകളിൽ ഓരോ ക്ലാസുകാരുടെയും 'ഹിന്ദി വാണി' റേഡിയോ | രണ്ടാഴ്ച്ചയിലൊരിക്കൽ | ആർട്ട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താൽപര്യം വർധിപ്പിക്കൽ | * ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ<br>* ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>* സ്വാതന്ത്ര്യ ദിന – റിപ്പബ്ലിക് ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബ് | ഭാഷാധ്യാപകർ | SRG, SMC, PTA |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | * വിവിധ മത്സരങ്ങൾ<br>* ആഴ്ചയിലൊരിക്കൽ ഹിന്ദി പ്രശ്നോത്തരി | യഥാസമയം | ആർട്ട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 6 | ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * ഹിന്ദി ടൈപ്പിംഗ് പരിശീലനം<br>* ലാംഗ്വേജ് ലാബ്, ഹിന്ദി ഡിജിറ്റൽ ലൈബ്രറി<br>* ഹിന്ദി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ | വർഷം മുഴുവൻ | ഭാഷാധ്യാപകർ, SITC, JSITC, | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | * എക്സ്ട്രാ ആക്ടിവിറ്റീസ്<br>* കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

മേഖല : **അക്കാദമികം**

ഉപ മേഖല: **ഇംഗ്ലീഷ്**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | Municipal Language Lab ഉപയോഗിച്ച് ഉച്ചാരണം, stress, intonation മുതലായവ എല്ലാ കുട്ടികളിലും ഉറപ്പിച്ച് ഇംഗ്ലീഷ് ഭാഷാ ശേഷി പോഷിപ്പിക്കുക | * ഇംഗ്ലീഷ് ഉച്ചാരണം, stress, intonation എന്നിവയ്ക്ക് ഊന്നൽ<br>* നിലവിലെ സോഫ്റ്റ്‌വെയർ സാധ്യതകളിൽ പാഠഭാഗ വിനിമയം<br>* Grammar സാധ്യത<br>* ഭിന്നശേഷിക്കാർക്ക് TB അനുരൂപണ സാധ്യതകൾ വഴി പഠനം ലളിതമാക്കൽ | ഹ്രസ്വ കാലം | ഇംഗ്ലീഷ് അധ്യാപകർ, Resource Teacher | SMC, PTA, SRG Language lab |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി വളർത്തിയെടുക്കൽ | * ഇംഗ്ലീഷിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന<br>* സ്കൂൾ കാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ<br>* English Diary ദിവസവും എഴുതുന്നതിനുള്ള ശ്രമം<br>* എല്ലാ ക്ലാസ്സിലും English News Paper സബ്സ്ക്രിപ്ഷൻ<br>* ഇംഗ്ലീഷിലുള്ള വാർത്താവായന | ജൂൺ. വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, | രക്ഷിതാവ്, SRG |
| 3 | English Movie Theatre | * നിലവിലുള്ള English Movie പ്രദർശനം തുടർന്നും സജീവമാക്കുക<br>* തുടർന്ന് ചലച്ചിത്രാസ്വാദനം, discussion, debate മുതലായവ<br>* ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | മാസം രണ്ട് | ഇംഗ്ലീഷ് അധ്യാപകർ English Club | SRG |
| 4 | English Radio Club | * English Club ന്റെ നേതൃത്വത്തിൽ ഉച്ചയിടവേളയിൽ വിവിധ script ന്റെ എഡിറ്റ് ചെയ്ത അവതരണം<br>* ഓരോ ക്ലാസ്സിനും മാറിമാറി അവതരണത്തിന് അവസരം | ദിനം പ്രതി | HM, English Club | SRG |
| 5 | ഇംഗ്ലീഷ് അസ്സംബ്ലി | * മാസത്തിൽ രണ്ടു തവണ അസംബ്ലി നടപടികൾ എല്ലാം ഇംഗ്ലീഷിൽ (Prayer, Pledge, Introductory speech തുടങ്ങിയവ ഇംഗ്ലീഷിൽ)<br>* ഓരോ ക്ലാസ്സിലും ആസൂത്രണവും പരിശീലനവും | മാസം രണ്ട് | ക്ലാസ് തല English Club | ഇംഗ്ലീഷ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | സർഗശേഷി വികസനം | * Oratory Club ന്റെ പ്രസംഗ പരിശീലനം (ആഴ്ചയിലൊരിക്കൽ)<br>* കേരള സ്കൂൾ കലോത്സവത്തിലെ ഇംഗ്ലീഷ് ഇനങ്ങൾക്ക് പരിശീലനം<br>* പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ ( ഉദാ:- Skit, Drama, Conversation )<br>* ഇംഗ്ലീഷ് പതിപ്പ് നിർമാണം (മാസത്തിലൊരിക്കൽ, ഒരു പ്രത്യേക വിഷയം കേന്ദ്രീകരിച്ച്) | പ്രതിമാസം | Oratory club, English Club | SRG, SSC<br>Rs:- 2000<br>(പരസ്യത്തിലൂടെ കണ്ടെത്താം) |
| 7 | English Fest | * ഇംഗ്ലീഷ് നാടകം, കവിത, പ്രസംഗ ശില്പശാലകൾ എന്നിവയുടെ തുടർച്ചയായി വർഷത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ്<br>(മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രം) | വർഷത്തിലൊരിക്കൽ അവധി കാലത്ത് | SRG conveenor | SRG, SMC, PTA<br>Municipality<br>Rs:- 20,000<br>(വിഭവ സമാഹരണം) |
| 8 | English Library | * ക്ലാസ്തലത്തിൽ ഇംഗ്ലീഷ് പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി<br>* പുസ്തകങ്ങൾ തരംതിരിക്കൽ , വിതരണം | ആദ്യ ടേമിൽ | ഇംഗ്ലീഷ് അധ്യാപകർ, ലൈബ്രേറിയൻ, | SRG, SMC, PTA |
| 9 | English Blog | St Marys' HS<br>* GVHSS Kondotty English Blog നിർമാണം<br>* ബ്ലോഗിലേക്കാവശ്യമായ ഇംഗ്ലീഷ് വിഭവങ്ങൾ തയ്യാറാക്കലും എഡിറ്റ് ചെയ്ത് പോസ്റ്റ് ചെയ്യലും | 5 മാസം | SITC, JSITC, English Club | SRG |
| 10 | Interaction with Native Speaker<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | * നാറ്റീവ് ഇംഗ്ലീഷ് പീപ്പിളുമായി കുട്ടികൾക്ക് സംവദിക്കാനുള്ള അവസരം ലഭിക്കുന്നതിലൂടെ ഭാഷയുടെ ശൈലിയും ഉച്ചാരണവും ഒഴുക്കും പരിചയിക്കാനാവുന്നു | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | SMC, PTA |
| 11 | ICT സാധ്യതകൾ ലോകഭാഷയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കവിത കേൾപ്പിക്കൽ , വീഡിയോ പ്രദർശനം, കൊളാഷ് നിർമാണം, കത്ത് തയ്യാറാക്കൽ, ചോദ്യമാതൃക DTP ചെയ്യൽ, Net browsing and surfing മുതലായവ. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, SITC, JSITC, | SMC, PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - മാനവിക വിഷയങ്ങൾ

മേഖല : **അക്കാദമികം**

ഉപ മേഖല: **സാമൂഹ്യ ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | * ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>* ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ)<br>* പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘ കാലം | അധ്യാപകർ, രക്ഷിതാക്കൾ, | SMC, PTA, പൂർവ്വ വിദ്യാർഥികൾ, നഗരസഭ |
| 2 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | * SS Club പ്രവർത്തനങ്ങൾ<br>* ക്ലാസ്തല – സ്കൂൾതല തെരഞ്ഞെടുപ്പ്<br>* സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാസമയങ്ങളിൽ | അധ്യാപകർ, SRG ഡിബേറ്റ് ക്ലബ്ബ് | SMC, PTA |
| 3 | വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | * മാലിന്യ നിർമാർജന(സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br>* പ്രാദേശിക സർവ്വേ<br>* പതിപ്പുകൾ, ചുമർ പത്രികകൾ | വർഷം മുഴുവനും | SS Club | SRG, SMC, PTA, NSS units |
| 4 | പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | * പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>* മുനിസിപ്പൽ, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br>* ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ, SRG SS Club | SMC, PTA, പൂർവ്വ വിദ്യാർഥികൾ, നഗരസഭ, ചരിത്ര ഗവേഷകർ, വൈദ്യർ അക്കാദമി |
| 5 | ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക | * GIS / GPRS സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | ഹ്രസ്വ കാലം | അധ്യാപകർ, SS Club | SITC, JSITC |
| 6 | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസ്ത്ര കോർണർ | * അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ , അറ്റ്ലസ്, ഇയർബുക്ക്, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br>* ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG Rs:- 10,000 |

| | | | | | |
|---|---|---|---|---|---|
| 7 | ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുത്തുന്നതിനുമായി ഒരു ചരിത്ര മ്യൂസിയം | * വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ ഉടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ | ദീർഘ കാലം | അധ്യാപകർ, SRG SS Club | SMC, PTA, പൂർവ്വ വിദ്യാർഥികൾ, ഗവേഷകർ, Rs:- 15,000 |
| 8 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | * വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനുള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ്<br>(വിവിധ തരം ഗ്ലോബ്, ഭൂപടങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ മുതലായവ) | നാല് മാസം | അധ്യാപകർ, SS Club | SRG, SMC, PTA, SSA, RMSA |
| 9 | ആനുകാലിക വിഷയങ്ങളിലേക്ക് വെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | * സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം ഉടങ്ങിയവ<br>* പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ | മാസം രണ്ട് | ഡിബേറ്റ് ക്ലബ്ബ് | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| 10 | ഇന്ത്യയുടെ സാംസ്കാരികമായ വൈവിധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ് | * വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുക.<br>* സാധ്യമെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘത്തിന്റെ സ്കൂൾ സന്ദർശനം | വർഷം ഒന്ന് | അധ്യാപകർ, SRG | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ, Nehru Yuva Kendra Rs:- 10,000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

മേഖല : **അക്കാദമികം**

ഉപ മേഖല: **ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫിണ്ടണ്/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>* ആശയ ധാരണകൾ ഉറപ്പിക്കൽ<br>* പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ /ഒഴിവുദിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | * Science Club ശ്രീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>* Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം<br>* സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ , നിർമാണം) | ജൂൺ,<br>യഥാസമയങ്ങളിൽ | അധ്യാപകർ, SRG Science Club | SMC, PTA<br>Rs:- 5000 |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>* ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>* ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന mobile lab kit | ആദ്യ ടേം | ശാസ്ത്രാധ്യാപകർ, SSC | SSA, RMSA<br>SRG<br>SMC, PTA<br>നഗരസഭ<br>Rs:- 30000 |
| 4 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | * സ്കൂൾ ക്യാമ്പസിൽ പഴം- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം<br>* ജൈവവൈവിധ്യ പാർക്ക്<br>* ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠ പുസ്തകം ' ആയി മാറുന്നു. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ<br>കർഷകർ,<br>SMC, PTA |
| 5 | മാലിന്യമുക്ത – ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>* കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യ പരിശോധന<br>* ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്)<br>* വിവിധ ഡിവിഷനുകളിൽ/വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യ വകുപ്പ്<br>ICDS<br>മുനിസിപ്പാലിറ്റി |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | * സ്കൂൾ ശാസ്ത്ര മേള<br>* സ്കൂളിൽ ഒരു 'അനാട്ടമി പാർക്ക്' (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>* ശാസ്ത്രോപകരണ നിർമാണ ശില്പശാല .<br>* ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം<br>* ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക് (കൗതുകകരമായ പരീക്ഷണങ്ങൾ)<br>* ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം<br><br>ഹ്രസ്വ കാലം | ശാസ്ത്രാ ധ്യാപകർ | നഗരസഭ<br>SMC, PTA<br><br>Rs:- 10,000 |
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | * ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>* സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | ശാസ്ത്രാ ധ്യാപകർ | വിഷയ സമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക.<br>* സ്പെസിമെൻ ശേഖരണം / നിർമാണം<br>* ശാസ്ത്രപ്രതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>* ശാസ്ത്ര പഠനയാത്രകൾ (ISRO, CUSAT, കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ ) | യഥാസമയങ്ങളിൽ | ശാസ്ത്രാ ധ്യാപകർ | SMC, PTA<br>SSA, RMSA, DIET<br><br>Rs:- 25,000 |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | * വാനനിരീക്ഷണവും ക്ലാസ്സും<br>* ജ്യോതിശ്ശാസ്ത്രസമസ്യകൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർത്തനങ്ങൾ | ഡിസംബർ -ജനവരി | ശാസ്ത്രാ ധ്യാപകർ | മുനിസിപ്പൽ ശാസ്ത്ര കേന്ദ്രം<br>SMC, PTA |
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | * പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു)<br>* ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യവും<br>* വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ<br>* സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS, USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാ ധ്യാപകർ | SRG<br>Rs:- 6,000 |
| 11 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യകൾ) | *പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ്പ്പോഴും | ശാസ്ത്രാ ധ്യാപകർ | SITC, JSITC<br>KITE (IT@School)<br>SCERT |

# 8. അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

മേഖല : **അക്കാദമികം**

ഉപ മേഖല: **ഗണിതം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | * പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം, ആശയ ധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | ഗണിതാധ്യാപകർ | SRG |
| 2 | എല്ലാ കുട്ടികൾക്കും TLM കിറ്റ്, ക്ലാസുകളിൽ 'ഗണിത കോർണർ' | * ദ്വിദിന ശില്പശാലയിലൂടെ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠന സാമഗ്രികളുടെ (ഒറിഗാമി, ടാൻഗ്രാം മുതലായവ) നിർമാണം<br>* ഇത്തരം പഠന സാമഗ്രികൾ ഉൾപ്പെടുത്തി ക്ലാസുകളിൽ 'ഗണിത മൂല' | 5 മാസം | ഗണിതാധ്യാപകർ | SMC, PTA<br>നഗരസഭ |
| 3 | ഗണിത ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | * ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ , ഇനം തിരിച്ച് ക്രമീകരിക്കൽ | ടേം ഒന്ന് | ഗണിതാധ്യാപകർ | SMC, PTA<br>SRG |
| 4 | Maths Club സജീവമാക്കൽ | * ഗണിത ക്ലബ് രൂപീകരണോൽഘാടനം<br>* ഗണിത ക്വിസ്, ഗണിത സമസ്യകൾ ബുള്ളറ്റിൻ ബോർഡുകളിൽ<br>* ക്ലാസ് തല – സ്കൂൾതല ഗണിത മാഗസിനുകൾ<br>* ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടാം (ആഴ്ചയിൽ ഓരോ ജീവചരിത്രം വീതം)<br>* ഓരോ കുട്ടിക്കും 'എന്റെ കുസൃതി കണക്ക പുസ്തകം' | ജൂൺ, ജൂലൈ<br>എല്ലായ്പ്പോഴും | ഗണിതാധ്യാപകർ, ഗണിത ക്ലബ് | SRG |
| 5 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | * 3 ദിവസത്തെ അവധിക്കാല സഹവാസ ക്യാമ്പ്<br>* ഗണിത പ്രോജക്ടുകളുടെ അവതരണം<br>* മാഗസിനുകളുടെ പ്രകാശനം | ഓണം/ ക്രിസ്മസ് ഒഴിവ് | ഗണിതാധ്യാപകർ, ഗണിത ക്ലബ് | SMC, PTA<br>നഗരസഭ |
| 6 | പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക്ബുക്ക് | * വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക്ഷീറ്റുകൾ തയ്യാറാക്കി വർക്ക്ബുക്കായി നൽകുന്നു | രണ്ടാം ടേമിൽ | ഗണിതാധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| 7 | സ്കൂളിൽ ഒരു ഗണിതപാർക്ക് | * ഗണിതാശയങ്ങൾ, സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ മനസ്സിലാകാനുതകുന്ന വിപുലമായ ഗണിത പാർക്ക് | ഒരു വർഷം | ഗണിതാധ്യാപകർ | SMC, PTA<br>നഗരസഭ |
| 8 | മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | * OMR മാതൃകയിലുള്ള ചോദ്യപ്പേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ രണ്ട് | ഗണിതാധ്യാപകർ | SRG |
| 9 | ICT യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | * ഗണിതത്തിലെ ICT സാധ്യകൾ ( Geogebra, DrGeo മുതലായവ) പ്രയോജനപ്പെടുത്തിയുള്ള പഠനം<br>* 3D ഗണിതരൂപങ്ങളുടെ നിർമിതി<br>* കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗുകളിൽ (ഉദാ:- Maths blog) അപ്‌ലോഡ് ചെയ്യൽ | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ | SITC,<br>JSITC |
| 10 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | * ക്ലാസ്സിൽ ഒരു ചുമരിൽ ഭിന്നസംഖ്യ, ഗണിതാശയങ്ങൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | SRG<br>SMC, PTA |
| 11 | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * ഡൈസ് ഗെയിം, പാമ്പും കോണിയും, സംഖ്യാ ചക്രങ്ങൾ, സംഖ്യാമാല തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ നിർവഹിക്കൽ | യഥാസമയങ്ങളിൽ | കുട്ടികൾ | വിഷയ സമിതി |
| 12 | എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | * Number chart, Number cards, അബാക്കസ്, മാന്ത്രിക ചതുരം, Place value Pocket Number Pattern മുതലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ | വിഷയ സമിതി |
| 13 | ഗണിത ലാബ് നവീകരണം | * നിർമിച്ച TLM കൾകൂടി ഉപയോഗപ്പെടുത്തിയും വിവിധ ഗണിത സോഫ്റ്റ്‌വെയറുകൾ ഉപയാഗപ്പെടുത്തിയും ഗണിതലാബ് സജീവമാക്കൽ.<br>* ഗണിതലാബ് ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയെന്ന് ഗണിത ക്ലബ് അംഗങ്ങൾക്ക് പരിശീലനം നൽകൽ | 6 മാസം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | SITC,<br>JSITC<br>SRG<br>SMC, PTA<br>നഗരസഭ |

## . അക്കാദമിക മാസ്റ്റർ പ്ലാൻ - കലാ-കായികാരോഗ്യ- പ്രവൃത്തിപരിചയം

മേഖല : **അക്കാദമികം**

ഉപ മേഖല: **കല (ചിത്രം, സംഗീതം)**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചിത്രകല, സംഗീ[illegible] മുതലായവയുടെ പരിപോഷണം | * പ്രത്യേകം മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ<br>* സർഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ | മെയ്, ജൂൺ ജൂലൈ | ആർട്, മ്യൂസിക് അധ്യാപകർ | SRG, SMC, PTA, |
| 2 | ചിത്രകലാ പരിശീലന ക്യാമ്പ് | * ചിത്രകലയിൽ പ്രാവീണ്യം കാണിക്കുന്നവർക്ക് അവധിക്കാലത്ത് മൂന്ന് ദിവസം നീളുന്ന ആർട് ശില്പശാല | അവധി ക്കാലം | ആർട് അധ്യാപകൻ | SRG, SMC, PTA, Rs:- 8000 |
| 3 | കേരള സ്കൂൾ കലോത്സവ പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | * തെരഞ്ഞെടുക്കപ്പെട്ടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ | ഒഴിവു ദിനങ്ങൾ | ആർട്, മ്യൂസിക് അധ്യാപകർ | SRG, SMC, PTA, പൂർവ്വ വിദ്യാർഥികൾ |

മേഖല : **അക്കാദമികം**

ഉപ മേഖല: **ആരോഗ്യ കായിക വിദ്യാഭ്യാസം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | * രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ<br>* കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>* പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ | SRG, SMC, PTA, ആരോഗ്യ വകുപ്പ് |
| 2 | ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനതു പ്രവർത്തനങ്ങൾ | * സ്കൂൾ കായിക വേദി രൂപീകരണം , വാർഷിക പദ്ധതി ആസൂത്രണം<br>* കായിക വേദിയുടെ നേതൃത്വത്തിൽ മാരത്തൺ, ഫുട്ബാൾ പരിശീലനം, നീന്തൽ പരിശീലനം, ബാഡ്മിന്റൺ പരിശീലനം, ഹോക്കി ടീം വാർത്തെടുക്കൽ, ഒളിമ്പിക്സ് ക്വിസ്, പതിപ്പ് നിർമാണം മുതലായവ<br>* കായിക താരങ്ങളെ ആദരിക്കൽ | യഥാകാലങ്ങളിൽ | കായികവേദി കൺവീനർ | കായികാധ്യാപകൻ<br>SMC, PTA, പൂർവ്വ വിദ്യാർഥികൾ നഗരസഭ<br>RS:- 25,000 |

| | | | | | |
|---|---|---|---|---|---|
| 3 | ഉപജില്ലാ- ജില്ലാ- സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ<br>* ലഘു ഭക്ഷണം നൽകൽ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | കായികാധ്യാപകൻ | SMC, PTA,<br>പൂർവ്വ വിദ്യാർഥികൾ<br>Rs:- 15,000 |
| 4 | പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മ വിശ്വാസം വളർത്തലും | * പെൺകുട്ടികൾക്ക് ജൂഡോ / കരാട്ടെ പരിശീലനം<br>* സൈക്ലിങ് പരിശീലനം<br>* നീന്തൽ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ<br>കായികവേദി | പരിശീലകർ<br>SMC, PTA<br>Rs:- 20,000 |

മേഖല : **അക്കാദമികം**

ഉപ മേഖല: **പ്രവൃത്തി പരിചയം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാ - മാനവികം- ശാസ്ത്രപഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക | * ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>* സ്കിൽ (വൈഭവം) കണ്ടെത്താനുള്ള ശ്രമങ്ങൾ<br>* തെരഞ്ഞെടുക്കപ്പെടുന്നവർക്കെല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SRG,<br>SMC, PTA,<br>ആരോഗ്യ വകുപ്പ് |
| 2 | സ്കൂൾ ക്രാഫ്റ്റ് മേള | * കുട്ടികൾ നിർമിച്ച കുട, ചോക്ക്, LED ഇനങ്ങൾ, ബാഗ്, നോട്ടു പുസ്തകം, ഉന്നൽ-എംബ്രോയിഡറി ഐറ്റം, കൊത്തുപണികൾ, ഉണിയുൽപന്നം, അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ<br>* വിൽപന | നവംബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | കായികാധ്യാപകൻ<br>SMC, PTA,<br>പൂർവ്വ വിദ്യാർഥികൾ<br>നഗരസഭ<br>RS:- 30,000 |
| 3 | ഉപജില്ലാ- ജില്ലാ- സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | * തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SMC, PTA,<br>പൂർവ്വ വിദ്യാർഥികൾ<br>Rs:- 10,000 |

**അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യം**

1. ഹരിത പരിസരം

* പ്രകൃതിദത്തമായ കാറ്റും വെളിച്ചവും ഓരോ മുറിയിലും ലഭിക്കുന്നതിനുള്ള ക്രമീകരണം.

* ഓരോകുട്ടിക്കും സംരക്ഷിക്കുവാൻ ഒരു സസ്യമെങ്കിലും സ്കൂളിൽ

* പ്ലാസ്റ്റിക് രഹിത വിദ്യാലയം

2. സുന്ദര ശുചിത്വ പരിസരം

* പൂന്തോട്ടം

*വിദ്യാലയ കെട്ടിടങ്ങളുടെ പുറംഭിത്തിയും അകഭിത്തിയും പഠനമൂല്യമുള്ളതാക്കൽ

* മാലിന്യശേഖരണ സംസ്കരണ സംവിധാനം

3. ജലസംരക്ഷണ വിതരണ സംവിധാനങ്ങൾ

* കുടിവെള്ള ലഭ്യത

*കുടിവെള്ള വിതരണം

4. പോഷകാഹാര വിതരണം - ഊട്ടുപുര

*കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള അടുക്കള

* പ്രസിദ്ധീകരിച്ച മെനു

*സൗകര്യമുള്ള സ്റ്റോർ മുറി

5. ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദ വുമായ ക്ലാസ് മുറികൾ

* സ്മാർട്ട് ക്ലാസ് റൂമുകൾ

* വൃത്തിയുള്ള ക്ലാസ്മുറി

*നല്ല വെളിച്ചവും ശുദ്ധവായുവും ലഭിക്കുന്ന ക്ലാസ്മുറി

* ക്ലാസുകളിൽ പഠനനേട്ടങ്ങളുടെ പ്രദർശന ചാർട്ട്

6. <u>കമ്പ്യൂട്ടർ ലാബ്</u>

*അടച്ചുറപ്പുള്ള മുറി

*വായുസഞ്ചാരം, വെന്റിലേഷൻ സൗകര്യം

*മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത, ജനറേറ്റർ

*ഇന്റർനെറ്റ്, വൈഫൈ സൗകര്യം

7.<u>വിവിധോദ്ദേശ്യ ഹാളുകൾ</u>

*പൊതുസമ്മേളനം, അസ്സംബ്ലി, പ്രദർശനങ്ങൾ കലാകായിക പരിശീലനം, ചെറുമത്സരങ്ങൾ, എന്നിവയ്ക്കെല്ലാം ഉതകുന്ന ഹാൾ

8. <u>സ്റ്റാഫ് റൂം</u>

* ഓരോ അധ്യാപകനും ഷെൽഫുകൾ

*പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം

*എസ്. ആർ. ജി. കൂടുന്നതിനുള്ള സ്ഥലസംവിധാനം

9.<u>കായിക വിദ്യാഭ്യാസ സൗകര്യം</u>

*സ്കൂൾ മൈതാനം

*ആയോധന കലകളുടെ പരിശീലനം

*പിച്ചുകൾ, ട്രാക്കുകൾ

10. <u>പ്രതീക്ഷിത നേട്ടങ്ങൾ</u>

* കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ കൊടുത്തുകൊണ്ട് അധ്യാപന നിലവാരം കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തുക.

**നടപ്പുവർഷം അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ മുൻഗണന നൽകേണ്ട പ്രവർത്തനങ്ങൾ**

* ശനിയാഴ്ചകളിൽ വിഷയം തിരിച്ച് ക്ലാസുകൾ

*പരിഹാരബോധനക്രിയകൾ വിഷയാടിസ്ഥാനത്തിൽ

*കായിക പരിശീലന പരിപാടി

*പ്രാദേശിക ക്ലാസ് പി.ടി.എ. കളും പഠന നിലവാര വിലയിരുത്തലുകളും.

*ഭവന സന്ദർശനം

<u>ഭൗതികം</u>

*പൂന്തോട്ടം

*വായനാമുറി വിപുലീകരണം

*പരീക്ഷണശാല വിപുലീകരണം

*കായിക പരിശീലനം

*കലാ പരിശീലനം

* പൂർവ്വ വിദ്യാർത്ഥി സംഗമം

*പൂർവ്വ അധ്യാപക സംഗമം

* ലോക്കൽ പി. റ്റി. എ

*കൗൺസലിംഗ്

*കലാ പരിശീലനം

## ഉപസംഹാരം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനു വേണ്ടി കേരള സർക്കാർ വിഭാവനം ചെയ്യുന്ന സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി പ്രാവർത്തികമാകുമ്പോൾ ആധുനിക കാലത്തിന് അനുയോജ്യമായി ജീവിക്കാൻ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികളും പ്രപ്തരാവുക തന്നെ ചെയ്യും പൊതു സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്ക് ഇങ്ങനെ രൂപപ്പെടുന്ന യുവതലമുറയുടെ ഊർജ്ജം വിനിയോഗിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സാമൂഹ്യം